"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08.06.2026-ലെ 34(1), 12.06.2026-ലെ 1(1) നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1199/2026/LSGD തീയതി, തിരുവനന്തപുരം, 29-06-2026

---

പരാമർശം:-
1. എലിക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08.06.2026-ലെ 34(1) നമ്പർ തീരുമാനം.
2. എലിക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.06.2026-ലെ 1(1) നമ്പർ തീരുമാനം.
3. എലിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.06.2026-ലെ SC1-KS-4220774-2026 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ ശ്രീ. അലി കെ സുലൈമാൻ & ശ്രീമതി സബീന ഷംഷാദ്, കൂട്ടായി ഹൗസ്, പെരുമ്പാവൂർ എന്നിവർ നിർമ്മിക്കുന്ന പ്ലൈവുഡ് ഫാക്ടറിയുടെ നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട് എലിക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊണ്ട പരാമർശം (1), (2) പ്രകാരമുള്ള തീരുമാനങ്ങൾ പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) എലിക്കുളം ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ ശ്രീ. അലി കെ സുലൈമാൻ, ശ്രീമതി സബീന ഷംഷാദ്, കൂട്ടായി ഹൗസ്, പെരുമ്പാവൂർ എന്നിവർ നിർമ്മിക്കുന്ന പ്ലൈവുഡ് ഫാക്ടറിക്ക് പഞ്ചായത്ത് ഭരണസമിതിയെ തെറ്റിദ്ധരിപ്പിച്ച് പെർമിറ്റ് നൽകിയതാണെന്നും പെർമിറ്റ് മറികടന്ന് ജനവാസമേഖലയുടെയും പൊന്നൊഴുകുംതോടിന്റെയും സമീപത്തേക്ക് ഫാക്ടറിയുടെ കെട്ടിടം പണി നടക്കുകയാണെന്നും നിലവിൽ 200-ഓളം കുടുംബങ്ങൾ നേരിട്ടും പൊന്നൊഴുകുംതോട്ടിലെ ജലം ഉപയോഗിക്കുന്നുണ്ടെന്നും ജലം മലിനമാകുന്നതു നാലാം വാർഡിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നും ഈ പശ്ചാത്തലത്തിൽ 02.02.2026-

ൽ ചേർന്ന അഞ്ചാം വാർഡിലെ സ്പെഷ്യൽ ഗ്രാമസഭയിൽ 200 ഓളം ആളുകൾ ഒറ്റക്കെട്ടായി ഫാക്ടറി വരുന്നതിനെ എതിർക്കുകയും അതിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുക്കണമെന്നും പെർമിറ്റ് റദ്ദാക്കണമെന്നും ഗ്രാമസഭ പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടി പ്ലൈവുഡ് ഫാക്ടറിക്ക് നൽകിയ പെർമിറ്റുകളും ലൈസൻസുകളും റദ്ദ് ചെയ്യണമന്നും നിർമ്മാണം നടക്കുന്ന ഫാക്ടറിയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകണമെന്നും എലിക്കുളം ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡ് മെമ്പർ അവതരിപ്പിച്ച പ്രമേയത്തെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ ഐകകണ്ഠ്യേന അനുകൂലിച്ചതിനെത്തുടർന്ന് പ്രസ്തുത പ്ലൈവുഡ് ഫാക്ടറി സംബന്ധിച്ച് നാളിതുവരെ അനധികൃത നിർമ്മാണം നടക്കുന്നു എന്ന് അസിസ്റ്റൻറ് എഞ്ചിനീയർ എൽ.എസ്.ജി.ഡി റിപ്പോർട്ട് നൽകിയിട്ടില്ലെന്നും നിലവിൽ മാറ്റങ്ങൾ വരുത്തി അംഗീകരിച്ച് റിവൈസ്ഡ് പെർമിറ്റ് അംഗീകരിച്ചിട്ടുള്ളതായും അപേക്ഷകന് 10/10/2025 തീയതി മുതൽ 09/04/2029 വരെ കെസ്വിഫ്റ്റ് സർട്ടിഫിക്കറ്റ് ഓഫ് ഇൻ പ്രിൻസിപ്പിൾ അപ്രൂവൽ പരിരക്ഷയുള്ളതായും നിലവിൽ കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിച്ചുള്ള നിർമ്മാണം നടക്കുന്ന സാഹചര്യത്തിലും പ്രമേയത്തിൽ പരാമർശിക്കുന്ന 5-ാം വാർഡിൽ നടന്ന സ്പെഷ്യൽ ഗ്രാമസഭയ്ക്ക് നിയമാനുസൃതമായി നൽകിയ പെർമിറ്റ് റദ്ദ് ചെയ്യണമെന്ന് പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയില്ലെന്നും, അതിനാൽ ടി പ്ലൈവുഡ് കമ്പനിക്ക് എതിരായി സ്റ്റോപ്പ് മെമ്മോ, മറ്റ് നോട്ടീസുകൾ എന്നിവ നൽകുന്നതിനോ നടപടി സ്വീകരിക്കുന്നതിനോ നിലവിൽ സാധിക്കുകയില്ലെന്നും പഞ്ചായത്ത് സെക്രട്ടറി കമ്മിറ്റിക്ക് നിയമോപദേശം നൽകിയെങ്കിലും ആയത് നിരാകരിച്ച് ടി സ്ഥാപനത്തിന് സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് പ്രസിഡന്റിനെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി.

3) തുടർന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പുനരവലോകനം ചെയ്യുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന് സെക്രട്ടറി കത്ത് നൽകിയതനുസരിച്ച് ഈ വിഷയം പരിശോധിച്ച 12.06.2026-ലെ അടിയന്തര യോഗത്തിൽ സെക്രട്ടറി നൽകിയ നിയമോപദേശം പരിഗണിക്കേണ്ടതില്ലെന്നും 08/06/2026 തീയതിയിലെ 34(1) തീരുമാന പ്രകാരം സെക്രട്ടറിയുടെ അഭിപ്രായം നിരാകരിച്ച് പ്ലൈവുഡ് ഫാക്ടറിക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് പ്രസിഡൻ്റിനെ ചുമതലപ്പെടുത്തി തീരുമാനിച്ച തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും പരാമർശം (2) പ്രകാരം പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തെത്തുടർന്നാണ് പഞ്ചായത്ത് സെക്രട്ടറി മേൽപ്പറഞ്ഞ രണ്ട് തീരുമാനങ്ങളും പരാമർശം (3) പ്രകാരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

4) സർക്കാർ ഇക്കാര്യം വിശദമായി പരശോധിച്ചു. സെക്രട്ടറിയിൽ നിയമപരമായി നിക്ഷിപ്തമായിരിക്കുന്ന ചുമതലകളുടെയും അധികാരങ്ങളുടെയും നിർവ്വഹണത്തിൽ ഇടപെടുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 185B പ്രകാരം പഞ്ചായത്ത് കമ്മിറ്റിക്ക് സാധ്യമല്ല. ലഭ്യമായ രേഖകളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് നിർമ്മാണം നടക്കുന്നതെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ, എലിക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08.06.2026-ലെ 34(1), 12.06.2026-ലെ 1(1) നമ്പർ തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ

നിയമാനുസൃതമല്ലെന്ന് കാണുന്നതിനാൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യും സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാനവാസ് എസ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോട്ടയം
പ്രസിഡന്റ്, എലിക്കുളം ഗ്രാമപഞ്ചായത്ത്, കോട്ടയം
സെക്രട്ടറി, എലിക്കുളം ഗ്രാമപഞ്ചായത്ത്, കോട്ടയം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂമീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Rashmi D

Date: 29-06-2026 16:58:40

സെക്ഷൻ ഓഫീസർ